ഉത്തരം

കുന്തിപ്പുഴയ്ക്ക് കുറുകെ ഇട്ടക്കടവ് കോസ്വേ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. വിളയൂർ-കൈപ്പുറം റോഡിൽ മുർക്കനാട് ഇടപ്പാലത്തു പാലം നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

മരാമത്ത് വകുപ്പ് ഏറ്റെടുത്ത ആലത്തൂർ നിയോജക മണ്ഡലത്തിലെ റോഡുകൾ

64 [2954] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ പൊതുമരാമത്ത് വകുപ്പ് പുതുതായി റോഡുകൾ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ വീതികൂട്ടലും ടാറിങ്ങും ആവശ്യമായി വരുന്ന റോഡുകളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ആലത്തൂർ-മരുതംതടം റോഡ് കി. മീ. 0/0-6/00 വരെ ജില്ലാതല റോഡിന്റെ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

വില്ലേജ് റോഡുകൾ

65 [2955] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ ഏതൊക്കെ വില്ലേജ് റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള ഏതെല്ലാം റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നതെന്ന്വ്യക്തമാക്കാമോ;

(ഡി) കരുവന്നൂർ-ആറാട്ടുപുഴ ബണ്ട് റോഡ് ടൂറിസം വകുപ്പിന്റെ സഹായത്തോടെ പുനരുദ്ധാരണ പ്രവർത്തനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly